(ബി) അതിന് മൊത്തം എത്ര സംഖ്യ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കൃഷി വകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതിനു ഉദ്ദേശം 11 കോടി രൂപാ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നഴ്സിംഗ് സ്കൂളുകൾ

*398 [420] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നഴ്സുമാരുടെ ക്ഷാമം പരിഗണിച്ച് പുതിയ നഴ്സിംഗ് സ്കൂൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സൗകര്യം സ്വകാര്യ ആശുപത്രികളിലും അനുവദിക്കുമോ;

(സി) വിദേശ രാജ്യങ്ങളിലും നാട്ടിലും ധാരാളം നഴ്സുമാരെ ആവശ്യമുണ്ടെന്നുള്ള വസ്തുത പരിഗണിച്ച് നഴ്സിംഗിന് അപേക്ഷിക്കുന്നവർക്ക് പത്താം ക്ലാസിൽ ചില വിഷയങ്ങളിൽ ചുരുങ്ങിയത് ഇത്ര മാർക്ക് വേണം എന്ന ഇന്നത്തെ നിബന്ധന മാറ്റി കൂടുതൽ ആളുകൾക്ക് അപേക്ഷിക്കുവാൻ വേണ്ട സൗകര്യം ചെയ്തു കൊടുക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ,ബി) സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു.

(സി) ഇന്നു നിലവിലുള്ള നിബന്ധനകൾ ഉൾക്കൊണ്ടു തന്നെ ധാരാളം അപേക്ഷകൾ ഉള്ളതിനാൽ ഇതിൽ മാറ്റം വരുത്തണമെന്നു കരുതുന്നില്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഗ്രാൻറ് തുക പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം

765 [1132] ശ്രീ. എസ്. ത്യാഗരാജൻ:

ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവ്വേദ വൈദ്യൻമാർ തങ്ങൾക്ക് നൽകുന്ന തുച്ഛമായ ഗ്രാൻറ് തുക കാലോചിതമായ രീതിയിൽ പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുവദിക്കാൻ നിർവ്വാഹമില്ലെന്നു അടുത്ത അവസരത്തിൽ ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളതാണ്. വീണ്ടും നിവേദനം കിട്ടിയതുകൊണ്ട് വീണ്ടും പരിശോധിച്ചു വരികയാണ്.

പരമ്പരാഗത ചികിൽസാ സമ്പ്രദായങ്ങൾ

766 [1133] ശ്രീ. കല്ലട നാരായണൻ:

ശ്രീ. എസ്. ത്യാഗരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ചികിൽസാ സമ്പ്രദായങ്ങൾ നിലനിർത്തുവാനും വികസിപ്പിക്കുവാനും ഗവൺമെൻറിന് എന്തെങ്കിലും വ്യക്തമായ പരിപാടികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു വിശദമാക്കുമോ;

(സി) പരമ്പരാഗത ചികിൽസാ സമ്പ്രദായങ്ങളുടെ വികസനത്തിനു കേന്ദ്ര ഗവൺമെൻറിൽനിന്നും എതെങ്കിലും രീതിയിലുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകാറുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ, താലൂക്ക്, പഞ്ചായത്ത്, തലങ്ങളിൽ നാടൻ വൈദ്യ ചികിൽസക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാരിന് ഉദ്ദേശമുണ്ട്. ആയുർവ്വേദ വൈദ്യ വിദ്യാഭ്യാസത്തിൻെറ നിലവാരം ഉയർത്തുന്നതിനായി ആയുർവ്വേദ ബിരുദാനന്തര പഠനത്തിനായി ഒരു പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സ് തിരുവനന്തപുരം ആയുർവ്വേദ കോളേജിനോടനുബന്ധിച്ച് തുടങ്ങിയിട്ടുണ്ട്. പ്രൈവറ്റ് ആയുർവ്വേദ കോളേജുകൾക്ക് ഗ്രാൻറ് അനുവദിക്കുകയും സിദ്ധ വൈദ്യ പഠനത്തിനു കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് തമിഴ് നാട്ടിലുള്ള കോളേജിൽ സീറ്റ് റിസർവ്വ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയുർവ്വേദ ഗവേഷണത്തിനായി കേന്ദ്ര ഗവൺമെൻറ് നടത്തുന്ന റിസർച്ച് സെൻറിനു സംസ്ഥാന സർക്കാർ വക കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രഗ് സ്റ്റാൻഡേഡൈസേഷനു നടപടി ആരംഭിക്കുകയും, ആയുർവ്വേദ ഔഷധങ്ങൾ തയ്യാർ ചെയ്ത് ജനങ്ങൾക്കു ലഭ്യമാക്കാൻ ഒരു കോർപ്പറേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 50 കിടക്കകളോടു കൂടിയ ഒരു ആയുർവ്വേദ മാനസികാശുപത്രി കോട്ടക്കൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ആയുർവ്വേദ കോളേജിനോടനുബന്ധിച്ച് അപൂർവ്വമായ ആയുർവ്വേദ പുസ്തകങ്ങളും, താളിയോല ഗ്രന്ഥങ്ങളും ശേഖരിച്ചു പ്രസിദ്ധീകരിക്കാൻ ഒരു പബ്ലിക്കേഷൻ ഡിവിഷൻ തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly